പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3491

20.6.2019 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന കെ.എ.എസിൽ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കെ.എ.എസ്. രൂപീകരണവുമായി ബന്ധപ്പെട്ട് 28.12.2016 ന് എടുത്ത മന്ത്രിസഭായോഗ തീരുമാനപ്രകാരവും ഇതിനോടനുബന്ധിച്ച് വന്ന 04.01.17-ലെ GO(MS) NO.1/2017/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും സ്ട്രീം 2-വിലേക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള സ്ഥിരം ഉദ്യോഗസ്ഥർക്കായി അൻപത് ശതമാനം തസ്തികകൾ സംവരണം ചെയ്തിട്ടുള്ളതായി വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഇതിനുശേഷം മേൽപറഞ്ഞ ഉത്തരവ് സൂചന കാണിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിരിക്കുന്ന 29.12.17-ലെ GO(P)No.12/2017/P&ARD നമ്പർ വിജ്ഞാപനത്തിൽ പ്രസ്തുത തസ്തികമാറ്റ നിയമനത്തിന് യോഗ്യതയുള്ളവരിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കിയതായി കാണുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) 04.01.2017-ലെ GO(MS) No.1/2017/P&ARD നമ്പർ ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ആയതിൽ പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിരുന്നു. എന്നാൽ കെ.എ.എസ്. സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായ സെക്രട്ടറിതല സമിതി തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തിയിരുന്നില്ല. കെ.എ.എസ്. രൂപീകരിക്കാൻ 10% തസ്തികകൾ രണ്ടാം ഗസറ്റഡ് തസ്തിക മുതൽ കുറവ് വരുത്തുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കരട് ചട്ടങ്ങൾക്ക് മന്ത്രിസഭാ യോഗം അംഗീകാരം നൽകുകയും തുടർന്ന് 29.12.2017 ലെ സ.ഉ.(പി) നം.12/2017/ഉ.ഭ.പ.വ. പ്രകാരം എസ്.ആർ.ഒ. 861/2017 നമ്പർ ആയി കെ.എ.എസ്. റൂൾസ് വിജ്ഞാപനം ചെയ്യുകയുമുണ്ടായി. |

| | | | |
|---|---|---|---|
| ബി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി വിജ്ഞാപനം പുന:പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പരിഗണനയിലില്ല. തെരഞ്ഞെടുത്ത സർക്കാർ വകുപ്പുകളിൽ മാത്രമാണ് കെ.എ.എസ്. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ കെ.എ.എസ്. ൽ ഉൾപ്പെടുത്തിയിട്ടില്ല. |
| സി) | കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിശ്ചിത യോഗ്യതയുള്ള ജീവനക്കാർക്ക് കൂടി സ്കീം 2 മുഖേന കെ.എ.എസ്. പരീക്ഷ എഴുതുവാൻ സാധിക്കുന്ന വിധം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ